**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4044** **27-10-2021 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിലെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ 2021-22 വർഷത്തെ 15.10.2021 വരെയുള്ള പദ്ധതി നിർവ്വഹണ പുരോഗതി ചുവടെ ചേർക്കുന്നു. ജില്ലാ പഞ്ചായത്ത് - 11.67% ഗ്രാമപഞ്ചായത്ത് - 18.99% ബ്ലോക്ക് പഞ്ചായത്ത് - 18.44% |
| (ബി) | ഈ സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്ക് മാത്രമായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും അതിന്റെ വിശദാംശങ്ങളും വ്യക്തമാക്കാമോ ; | (ബി) | ഈ സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഏറ്റവും ഒടുവിലത്തെ പദ്ധതി പുരോഗതി പരിശോധനാ വേളയിൽ ഓരോ ത്രിതല പഞ്ചായത്തുകളും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ 2021-22 വർഷത്തെ 15.10.2021 വരെയുള്ള പദ്ധതി ചെലവ് തുക ചുവടെ ചേർക്കുന്നു. ജില്ലാ പഞ്ചായത്ത് - 93.69 കോടി ഗ്രാമപഞ്ചായത്ത് - 636.47 കോടി ബ്ലോക്ക് പഞ്ചായത്തുകൾ - 165.58 കോടി |
| (ഡി) | ഫണ്ട് പൂർണമായും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (ഡി) | സാമ്പത്തിക വർഷാരംഭത്തിൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ക് ഡൗൺ കാരണവും, പഞ്ചായത്തുകൾ കോവിഡ് ചികിത്സാ സംവിധാനങ്ങൾ ഒരുക്കുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങളിലും വ്യാപൃതരായതും കാരണം പദ്ധതി നിർവ്വഹണം മന്ദ ഗതിയിലായിരുന്നു. ഇപ്പോൾ പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ഊർജ്ജിതമായിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിക്കുന്ന 31.03.2022 ൽ പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ